**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3934** **03-03-2023 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം സെൻട്രൽ ജയിലിലെ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരം സെൻട്രൽ ജയിലിൽ അന്തേവാസികൾക്കായി വരുന്ന ഭക്ഷ്യസാധനങ്ങൾ ഉദ്യോഗസ്ഥർ മറിച്ച് വിൽക്കുന്നതായി ആക്ഷേപമുയർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടിയുടെ വിശദാംശം അറിയിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | തടവുകാർക്ക് ഒരു ദിവസം നൽകേണ്ട ഭക്ഷണ സാധനങ്ങൾ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളുടെ ലിസ്റ്റ് എല്ലാം ബ്ലോക്കുകളിലും നിലവിൽ പ്രദർശിപ്പിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇപ്രകാരം പ്രദർശിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | തടവുകാർക്ക് ദിവസവും നൽകേണ്ട ഭക്ഷണത്തിന്റെ മെനുവും ഭക്ഷണപദാർത്ഥങ്ങളുടെ അളവും സംബന്ധിച്ചുള്ള വിവരങ്ങൾ തടവുകാർക്ക് കാണാൻ പറ്റുന്ന തരത്തിൽ എല്ലാ ബ്ളോക്കുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ജയിലിനുള്ളിൽ മരാമത്ത് പണികളിൽ ക്രമക്കേട് നടത്തി ഉദ്യോഗസ്ഥർ പണം തട്ടുന്നതായി ആക്ഷേപം ഉയർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ തിരുവനന്തപുരം സെൻട്രൽ ജയിലിൽ നടന്ന മരാമത്ത് പണികളെക്കുറിച്ച് അന്വേഷണത്തിന് ഉത്തരവ് നൽകുമോയെന്ന് വ്യക്തമാക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) | പ്രസ്തുത ജയിലിനുള്ളിൽ അന്തേവാസികളെ പലതരം ക്രമക്കേടുകൾക്ക് കൂട്ടുനിൽക്കുവാൻ ഉദ്യോഗസ്ഥർ നിർബന്ധിക്കുന്നതായും അതിന് താല്പര്യപ്പെടാത്തവരെയും പരാതികൾ ഉന്നയിക്കാൻ ശ്രമിക്കുന്നവരെയും ക്രൂരമായി പീഡിപ്പിക്കുന്നതായും ആക്ഷേപം ഉയർന്നിട്ടുള്ളത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ഡി) | തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ അന്തേവാസികളെ പലതരം ക്രമക്കേടുകൾക്ക് കൂട്ടുനിൽക്കുവാൻ ഉദ്യോഗസ്ഥർ നിർബന്ധിക്കുന്നതായും അതിന് താൽപര്യപ്പെടാത്തവരേയും പരാതികൾ ഉന്നയിക്കാൻ ശ്രമിക്കുന്നവരേയും ക്രൂരമായി പീഡിപ്പിക്കുന്നതായുമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ഉദ്യോഗസ്ഥർ തടവുകാർക്കെതിരെ ലൈംഗിക | (ഇ) | ഉദ്യോഗസ്ഥർ തടവുകാർക്കെതിരെ ലൈംഗിക |

| | | | |
|---|---|---|---|
| | അതിക്രമം ഉൾപ്പെടെയുള്ള ക്രൂരതകൾ കാട്ടുന്നതായി ആക്ഷേപം ഉയർന്നിട്ടുള്ളത് പരിഗണിച്ച് പ്രസ്തുത ജയിലിന്റെ പ്രവർത്തനം സംബന്ധിച്ച് പരിശോധന നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | അതിക്രമം ഉൾപ്പടെയുള്ള ക്രൂരതകൾ കാട്ടുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ